(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള ടി.എ. ബില്ലിംഗിൽ കൂടുതലായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ടി.എ. കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ അനധികൃതമായി ബോർഡ് ഉദ്യോഗസ്ഥർ കൈപ്പറ്റിയ ടി.എ. തുക തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. എന്നാൽ 9/99 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. ലോ ഓഫീസറുടെ താൽക്കാലിക ചാർജ്ജ് വഹിക്കുന്നത് നിയമവിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയാണ്.

(സി) 82,86,985 രൂപ.

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വരെയുള്ള തസ്തികകൾക്ക് യാത്രാചെലവിന് പരിധി നിശ്ചയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ലാസിഫിക്കേഷൻ യാത്രപ്പടിയുടെ നിരക്കുകൾ സംബന്ധിച്ച പ്രത്യേക ഉത്തരവുകളാണ് ബോർഡിൽ നിലവിലുള്ളത്. എന്നാൽ അടിസ്ഥാനപരമായ ചട്ടങ്ങൾക്ക് കേരള സർവ്വീസ് റൂൾ ചാർട്ട് 2 ആണ് അവലംബിക്കുന്നത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്)ബാധകമല്ല.

വിവിധ മേഖലകളിൽനിന്നും വൈദ്യുതി സ്വീകരിക്കുന്നതിന് ബോർഡിന് ഉപദേശം നൽകുന്ന നടപടി

79 (3480)ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ മാസവും ആവശ്യമായ വൈദ്യുതിയിൽ ജലവൈദ്യുത പദ്ധതികളിൽനിന്നും കേന്ദ്ര വിഹിതത്തിൽ നിന്നും താപ വൈദ്യുത നിലയങ്ങളിൽ നിന്നും എത്ര വീതം സ്വീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോഡിനെ ഉപദേശിക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2000-ാം മാണ്ട് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈ ഓരോ സോഴ്സിൽ നിന്നും എത്ര വൈദ്യുതി വീതം സ്വീകരിക്കണമെന്നാണ് ബോർഡിന് ഉപദേശം കിട്ടിയത്;

(സി) ഇതിൽ കായംകുളം താപ വൈദ്യുതനിലയത്തിൽ നിന്നും എത്ര വൈദ്യുതി വീതം ഓരോ മാസവും സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്രയധികം വൈദ്യുതി പ്രസ്തുത മാസങ്ങളിൽ കായംകുളം താപ വൈദ്യുത നിലയങ്ങളിൽ നിന്നും സ്വീകരിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുമൂലം പ്രസ്തുത ഓരോ മാസവും ബോർഡിന് എന്തു തുകയുടെ അധികചെലവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനറേഷൻ പ്ലാനിംഗിൽ ബോർഡിന് ഉപദേശം നൽകുന്നതിനുവേണ്ടി ഡെപ്യൂട്ടി ചീഫ് എൻജിനീയർ (കോർപ്പറേറ്റ് പ്ലാനിംഗ്) ചെയർമാനായുള്ള ഒരു ആറംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ സംസ്ഥാന വൈദ്യുതി ഉൽപ്പാദനത്തിന്റെ പ്ലാനിംഗ് സംബന്ധിച്ച് വിശകലനം നടത്തുകയും ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യും. ഈ റിപ്പോർട്ട് കൂടാതെ സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൽ പ്രവർത്തിക്കുന്ന വാട്ടർ മാനേജ്മെന്റ് സെല്ല് വിവിധ ജലവൈദ്യുത പദ്ധതികളുടെ ജലനിരപ്പ് അനുസരിച്ച് ഓരോ സ്റ്റേഷനിലും ഉൽപ്പാദിപ്പിക്കേണ്ട വൈദ്യുതിയുടെ തോത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളെല്ലാം ക്രോഡീകരിച്ച് ഏതൊക്കെ സ്റ്റേഷനിലെ മെഷീനുകൾ ഏത് ലോഡിൽ എത്ര സമയം പ്രവർത്തിക്കണം എന്നുള്ള നിർദ്ദേശം നൽകേണ്ടത് ചുമതല കളമശ്ശേരിയിലെ ലോഡ് ഡെസ്പാച്ച് സെന്ററിൽ നിക്ഷിപ്തമാണ്.

(ബി) 2000-ാം ആണ്ട് ജനുവരിയിലും ഫെബ്രുവരിയിലും താഴെപ്പറയുന്ന അളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും കേന്ദ്രവിഹിതമായി സ്വീകരിക്കുന്നതിനുമാണ് ഉപദേശം ലഭിച്ചിട്ടുള്ളത്.

വിവിധ സോഴ്സുകൾ	ജനുവരി 2000 മില്യൻ യൂണിറ്റ്	ഫെബ്രുവരി 2000 മില്യൻ യൂണിറ്റ്
(1) ജലവൈദ്യുതി	560	522
(2) കേന്ദ്രവിഹിതം	248	261
(3) കായംകുളം എൻ.റ്റി.പി.സി. നിലയം, സി.എസ്.ഇ.എസ്, ബ്രഹ്മപുരം, കോഴിക്കോട് ഡീസൽ നിലയങ്ങൾ, മറ്റു ചെറുകിട ജലവൈദ്യുത പദ്ധതികൾ	246	217

എന്നാൽ വിവിധ നിലയങ്ങളിലെ യന്ത്രങ്ങൾക്ക് അപ്രതീക്ഷിതമായി തകരാറു സംഭവിക്കുകയോ, വൈദ്യുതി ഉപഭോഗത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാവുകയോ ചെയ്യുന്ന സന്ദർഭത്തിൽ മുകളിൽ പറഞ്ഞ അളവിൽ നിന്നും വ്യതിചലിച്ച് വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ട്.

(സി) കായംകുളം താപവൈദ്യുതി നിലയത്തിൽനിന്നും ജനുവരി 2000-ൽ 130.707 മില്യൻ യൂണിറ്റും, ഫെബ്രുവരി 170.264 മില്യൻ യൂണിറ്റും വൈദ്യുതി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എസ്.എസ്.എൽ.സി. പരീക്ഷ പ്രമാണിച്ച് 15.2.2000 മുതൽ ലോഡ് ഷെഡിംഗ് ഒഴിവാക്കിയിരുന്നു. വേനൽക്കാലവും കൂടി ആയതിനാൽ പ്രസ്തുത കാലയളവിലെ വൈദ്യുതി ഉപഭോഗം വളരെ കൂടുതലായിരുന്നു. ജലവൈദ്യുതി പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതി ജലലഭ്യത അനുസരിച്ച് മൺസൂൺകാലം വരെ നിയന്ത്രിക്കേണ്ടതായും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം തുലാവർഷം മോശമായിരുന്നതിനാൽ ഇപ്പോൾ തന്നെ വിവിധ ജല വൈദ്യുതി പദ്ധതികളിൽ നിന്നുമുള്ള ജലത്തിന്റെ ലഭ്യത കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്താൽ കുറവാണ്. ഈ കാരണങ്ങളാലാണ് കായംകുളം നിലയത്തിൽ നിന്നും മുകളിൽ പറഞ്ഞ അളവിൽ വൈദ്യുതി സ്വീകരിക്കേണ്ടിവന്നത്.

(ഇ) സംസ്ഥാനത്തിന് ആവശ്യമുള്ള മുഴുവൻ വൈദ്യുതിയും ജല വൈദ്യുതപദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയില്ലെന്നതിനാൽ കായംകുളം താപവൈദ്യുതി വാങ്ങുന്നതുകൊണ്ട് അധിക ചെലവ് വന്നുവെന്ന് കണക്കാക്കാൻ കഴിയില്ല.

വൈദ്യുതോല്പാദനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

80 (3481)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വൈദ്യുതോല്പാദനം മെച്ചപ്പെടുത്തുന്നതിനായി 2000-2001-ൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത സാമ്പത്തിക വർഷം കമ്മിഷൻ ചെയ്യാൻ കഴിയുന്നതും ഇപ്പോൾ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതുമായ എത്ര മിനി ഹൈഡൽ പദ്ധതികൾ ഉണ്ടെന്നറിയിക്കുമോ;

(സി) സ്വകാര്യമേഖലയിൽ മിനി വൈദ്യുതി പദ്ധതികൾ ആരംഭിക്കുവാൻ ഏതെല്ലാം സ്വകാര്യസംരംഭകരുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം സ്വകാര്യ സംരംഭകർക്ക് എന്തൊക്കെ സഹായങ്ങളാണ് വൈദ്യുതി ബോർഡ് നൽകാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മലമ്പുഴ ചെറുകിട ജല വൈദ്യുത പദ്ധതിയുടെ സിവിൽ ജോലികളെല്ലാം പൂർത്തിയായി. 10.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള മലങ്കര പദ്ധതിയുടെ പവർഹൗസിന്റെ പ്രാരംഭ നിർമ്മാണ പണികൾ 10.11.99-ന് ആരംഭിച്ചു. ഈ പദ്ധതി രണ്ട് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടുക്കി പദ്ധതിയുടെ ഓഗ്മെന്റേഷൻ പദ്ധതികളായ അഴുത 57 മില്യൻ യൂണിറ്റ്, കുറ്റിയാർ 37 മില്യൻ യൂണിറ്റ് തുടങ്ങിയവ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ അഴുത പദ്ധതി ഭാഗികമായി പൂർത്തീകരിച്ച് ജലം ഇടുക്കി റിസർവോയറിലേയ്ക്ക് തിരിച്ച് വിടുന്നുണ്ട്. വഴിക്കടവ് ഡൈവർഷൻ പദ്ധതിയുടെ പണികൾപുരോഗമിച്ച് വരുന്നു. വടക്കേപ്പുഴ പദ്ധതിയുടെ പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

223 മില്യൻ യൂണിറ്റ് ഉൽപ്പാദനശേഷിയുള്ള കുറ്റ്യാടി ഓഗ്മന്റേഷൻ പദ്ധതിയുടെ വിവിധ ജോലികൾ നടന്നുവരുന്നു.

163 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അതിരപ്പിള്ളി പദ്ധതി, 2X50 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി, നേരിയമംഗലം എക്സ്റ്റൻഷൻ പദ്ധതി (25 മെഗാവാട്ട്), ചെങ്കുളം ഓഗ്മെ

LIBRARY ARCHIVES Kerala Legislative Assembly